(ബി) ബ്ലേഡ് മാഫിയകൾ, അമിത പലിശക്കാർ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ തരം ചൂഷണങ്ങളിൽ നിന്ന് സമൂഹത്തിലെ സാധാരണ ജനങ്ങൾക്ക് സംരക്ഷണം നൽകുകയാണ് 'ഓപ്പറേഷൻ കുബേര' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

സമൂഹത്തിൽ മയക്കുമരുന്ന് വിപണനം, കള്ളവാറ്റ്, കഞ്ചാവ് എന്നിവയുടെ വിപണനം നടത്തുന്നവർ, നിരോധിത സ്റ്റോടക വസ്തുക്കളുടെ ഉപയോഗം/വ്യാപാരം നടത്തുന്നവർ, സമൂഹത്തിലെ സ്ഥിരം കുറ്റവാളികൾ, ഗുണ്ടകൾ എന്നിവരെ നിരീക്ഷിച്ച് അവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുക വഴി ഇത്തരം അനധികൃത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്ത് ഇത്തരം കുറ്റവാളികളുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ് 'ഓപ്പറേഷൻ സുരക്ഷ' പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഇതുപ്രകാരം യഥാസമയം റെയ്ഡുകൾ നടത്തി കുറ്റവാളികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കർശന നിരീക്ഷണങ്ങളും രഹസ്യാന്വേഷണങ്ങളും നടത്തിവരുന്നു. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിവരുന്നുണ്ട്.

**മുഹമ്മദ് ഫൈസലിന്റെ പരാതി**

191 (1935) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പോലീസ് സ്റ്റേഷനിൽ 160672/2015 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത മുഹമ്മദ് ഫൈസലിന്റെ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പരാതി ഉടൻതന്നെ അന്വേഷണത്തിനായി സൈബർ സെല്ലിലേയ്ക്ക് അയച്ചു കൊടുത്തിരുന്നോ എന്നറിയിക്കാമോ;

(സി) എങ്കിൽ അതിൽ സൈബർ സെൽ നടത്തിയ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ഡി) നഷ്ടപ്പെട്ട വസ്തുക്കൾ സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുമോ?

ഉത്തരം

(എ) ശ്രീ. മുഹമ്മദ് ഫൈസൽ എന്നയാളുടെ മൊബൈൽ ഫോൺ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട പരാതി മലപ്പുറം പോലീസ് സ്റ്റേഷനിൽ

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിട്ടുള്ളതും ആയത് 160672/2015 നമ്പർ പ്രകാരം പരാതി രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത പരാതി തുടരന്വേഷണത്തിനായി മലപ്പുറം സൈബർ സെല്ലിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

(ബി) നഷ്ടപ്പെട്ട മൊബൈൽ ഫോൺ കണ്ടുപിടിക്കുന്നതിന് പ്രസ്തുത ഫോണിന്റെ IMEI നമ്പറുകൾ സഹിതം മലപ്പുറം സൈബർ സെല്ലിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്.

(സി & ഡി) നഷ്ടപ്പെട്ട മൊബൈൽ ഫോണിന്റെ IMEI നമ്പറുകൾ 14-12-2015 തീയതി മലപ്പുറം സൈബർ സെല്ലിൽ നിന്നും വിവിധ മൊബൈൽ കമ്പനികളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതും എന്നാൽ നഷ്ടപ്പെട്ട മൊബൈൽ ഫോൺ ഇപ്പോൾ ആരും ഉപയോഗിക്കുന്നില്ലെന്ന വിവരം ബി.എസ്.എൻ.എൽ., എയർടെൽ, വോഡാഫോൺ, റ്റാറ്റ എന്നീ കമ്പനികളിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്. ഐഡിയ, റിലയൻസ് എന്നീ കമ്പനികളുടെ മറുപടികൾ ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത IMEI നമ്പറുകൾ ട്രേസ് ചെയ്യുന്നതിനായി വീണ്ടും അപേക്ഷ നൽകിയിട്ടുള്ളതും നഷ്ടപ്പെട്ട മൊബൈൽ ഫോൺ കണ്ടുപിടിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നതുമാണ്.

**ആഭ്യന്തര, ആരോഗ്യ മന്ത്രിമാർക്കെതിരെയുള്ള കോഴയാരോപണം**

192 (1936) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം കെ.പി.സി.സി പ്രസിഡന്റ് ആയിരിക്കെ ശ്രീ. രമേശ് ചെന്നിത്തല 2 കോടി രൂപയും, നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിനു മുമ്പായി ശ്രീ. വി. എസ്. ശിവകുമാർ 25 ലക്ഷം രൂപയും വാങ്ങിയെന്ന ബാർ [illegible] അസോസിയേഷൻ പ്രസിഡന്റ് ഡോ.ബിജു രമേശിന്റെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വസ്ഥമായി കച്ചവടം നടത്താനും ബാർ ലൈസൻസ് ഫീസ് കൂട്ടാതിരിക്കാനും വേണ്ടി മാഫിയ പിരിവായിട്ടാണ് പ്രസ്തുത പണം നൽകിയതെന്ന ആരോപണത്തെക്കുറിച്ച് അറിയാമോ;

(സി) പ്രസ്തുത ആരോപണം സംബന്ധിച്ച് ഏത് നിലയിലുള്ള അന്വേഷണത്തിനാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ആക്ഷേപം ഉന്നയിച്ച ആളിൽ നിന്നും മൊഴി എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly